127304/2023

വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ. AFSANA PERWEEN IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് – "ORANGE THE WORLD CAMPAIGN " പരിപാടികൾ നടത്തുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: സ ഉ (സാധാ) നം.231/2023/ വശി വി വ തിയതി03.05.2023

**ഉത്തരവ് നം. DWCD/1679/2023-WEC1 തീയതി: 20-11-2023**

സ്ത്രീകള്ക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ലിംഗവിവേചനം അവസാനിപ്പിക്കുന്നതിനും പ്രതിരോധിക്കുന്നതിനും 2023 നവംബർ 25 മുതൽ ഡിസംബർ 10 വരെ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന "orange the world campaign" വിപുലമായി സംഘടിപ്പിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

നവംബർ 25 ഗാർഹിക പീഢന നിരോധന ദിനം, നവംബർ 26 സ്ത്രീധന നിരോധന ദിനം, ഡിസംബർ 10 മനുഷ്യാവകാശദിനം എന്നീ ദിനാചരണങ്ങൾ പ്രസ്തുത ക്യാമ്പയിൻ കാലയളവിനുള്ളിൽ കടന്നുപോകുന്നുണ്ട്. സ്ത്രീകള്ക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അവരെ സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കേണ്ടത് അനിവാര്യമാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, ഗാർഹീകപീഢനം, ലിംഗവിവേചനം, സ്ത്രീധന പീഢനം, ശൈശവ വിവാഹം, മറ്റ് ദുരാചാരങ്ങൾ, അനീതികൾ തുടങ്ങിയവ സമൂഹത്തിൽ നിന്നും തുടച്ചു നീക്കേണ്ടതുണ്ട്. . ആയതിനാൽ ഈ വർഷത്തെ Orange the World Campaign ന്റെ ഭാഗമായി സമൂഹത്തിന്റെ പൊതു ശ്രദ്ധ നേടുന്നതിനും സമൂഹ മന:സാക്ഷിയെ ഉണർത്തുന്നതിനും തുടർച്ചയായ campaign സംഘടിപ്പിക്കുന്നു.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമണങ്ങൾ പ്രതിരോധിക്കേണ്ടത് സമൂഹത്തിന്റെ മുഴുവൻ ഉത്തരവാദിത്തമായി കാണേണ്ടതുണ്ട്. ആയതിനാൽ . "**Men join the fight against violence towards women** "എന്ന ആപ്തവാക്യം അധിഷ്ഠിതമാക്കി ഈ വർഷത്തെ Orange the World Campaign പരിപാടി സംഘടിപ്പിക്കുന്നു. ആയതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ പുരുഷന്മാരും കൂടി മുൻനിരയിൽ വന്ന് സ്ത്രീകളോടൊപ്പം അണിചേരേണ്ടത് അത്യന്താപേക്ഷിതമാണ്.

സമൂഹത്തിൽ അതിക്രമങ്ങൾക്ക് ഇരയാകുന്ന ആരും തന്നെ ഉണ്ടാകാൻ പാടില്ല എന്ന പരമമായ ലക്ഷ്യത്തിൽ എത്തിക്കുന്നതിന് ജനപ്രതിനിധികൾ, കോളേജ്, സ്കൂൾ വിദ്യാർത്ഥികൾ, യുവാക്കൾ, സാമൂഹ്യ പ്രവർത്തകർ, വിവിധ വകുപ്പ് മേധാവികൾ, പൊതുജനങ്ങൾ ടി മേഖലയിൽ പ്രവർത്തിക്കുന്ന NGO കൾ വിവിധ സംഘടനപ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. .

ആയതിനാൽ ഈ വർഷത്തെ Orange the World Campaign ന്റെ ഭാഗമായി 2023 നവംബർ 25 മുതൽ ഡിസംബർ 8 വരെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന പട്ടികപ്രകാരം ജില്ലകളില് വിവിധ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

'127304/2023

| ക്രമ നം | തീയതി | വിഷയം |
| --- | --- | --- |
| 1 | 25.11.2023<br>Saturday<br><br>ജില്ലാതലത്തില് | • "ORANGE THE WORLD COMPAIGN" ആരംഭിക്കുന്നത് INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN", എന്ന ദിനാചരണത്തോടെയാണ്. ആയതിനാൽ ടി ദിവസം ജില്ലാതലത്തിൽ ജനപ്രതിനിധികൾ, ജില്ലാ കളക്ടർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് കോളേജ് വിദ്യാർത്ഥികൾ, വിവിധ സംഘടനകളിലെ അംഗങ്ങൾ /വിവിധ ക്ലബുകളിലെ യുവാക്കൾ എന്നിവരുടെ പങ്കാളിത്തത്തോടെ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.<br>• ജില്ലാ കളക്ടർ/വിശിഷ്ടവ്യക്തികൾ റാലി ഫ്ലാഗ് ഓഫ് ചെയ്ത് orange the world Campaign പരിപാടിയുടെ ഉദ്ഘാടന ചടങ്ങ് നിർവ്വഹിക്കേണ്ടതാണ്.<br>• ഉദ്ഘാടന ചടങ്ങിൽ ജില്ലാ കളക്ടർ /വിശിഷ്ടവ്യക്തികൾ സ്ത്രീധന നിരോധനത്തിനെതിരെയുള്ള പ്രതിജ്ഞ ചൊല്ലികൊടുക്കേണ്ടതാണ്. (പ്രതിജ്ഞ ഉള്ളടക്കം ചെയ്യുന്നു)<br>• ലിംഗ വിവേചനം, സ്ത്രീധന നിരോധനം, ഗാർഹിക പീഢനം, സ്ത്രീകൾക്കെതിരെയുള്ള മറ്റ് അതിക്രമങ്ങൾ എന്നിവ വുമൻ ഹെൽപ്പ് ലൈൻ നമ്പരായ 181 ലേയ്ക്ക് റിപ്പോർട്ട് ചെയ്യാമെന്ന സന്ദേശം അടങ്ങുന്ന placard കൂടി ഉൾപ്പെടുത്തിയാണ് റാലി സംഘടിപ്പിക്കേണ്ടത്.<br>• റാലി സംഘടിപ്പിക്കുന്ന വിവരം വിശദാംശം സഹിതം പോലീസ് അധികൃതരെ അറിയിക്കേണ്ടതാണ്.<br>• ടി പരിപാടികൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി DWCDO യ്ക്ക് 17000/- രൂപ അനുവദിക്കുന്നു.<br><br>ലഘു ഭക്ഷണം- 300*40 = 12000<br>ബാനർ = 1000<br>ഫോട്ടോ = 1000<br>മറ്റ് ചെലവുകൾ = 3000<br>......................<br>**17000/-രൂപ**<br>=========== |
| | അങ്കണവാടി തലത്തില് | • അങ്കണവാടിതലത്തിൽ ഓരോ അങ്കണവാടിയിലെയും വർണ്ണക്കൂട്ടിലെ (കൗമാര ക്ലബിലെ) അംഗങ്ങൾ, പ്രദേശത്തെ യുവജന ക്ലബുകൾ എന്നിവരുടെ പങ്കാളിത്തത്തോടെ അങ്കണവാടി പ്രദേശത്ത് റാലി സംഘടിപ്പിക്കേണ്ടതും തുടർന്ന് അങ്കണവാടിയിൽ |

| | | |
|---|---|---|
| | സ്കൂള് തലത്തിൽ | വച്ച് ഐസിഡിഎസ് സൂപ്പർവൈസറുടെ നേതൃത്വത്തിൽ Self Defense, പൊൻവാക്ക്, കനൽ, ധീര പദ്ധതി എന്നീ വിഷയങ്ങളിൽ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുമാണ്.<br><br>• സൈക്കോ സോഷ്യൽ സ്കൂൾ കൌൺസിലർമാർ interval/Lunch സമയത്ത് എല്ലാ ക്ലാസിലേയും വിദ്യാർത്ഥികൾ കേൾക്കത്തക്കവിധത്തിൽ Elimination of Violence Against Women എന്ന വിഷയത്തെക്കുറിച്ച് ഒരു സന്ദേശം മൈക്കിലൂടെ അനൌൺസ് ചെയ്യേണ്ടതാണ്.<br><br>• തുടർന്നുള്ള 2023 ഡിസംബർ 8 വരെയുള്ള ദിവസങ്ങളിൽ സൈക്കോ സോഷ്യൽ സ്കൂൾ കൌൺസിലർമാർ എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ശൈശവ വിവാഹംതടയൽ(പൊൻവാക്ക് ), ലിംഗ വിവേചനം , സ്ത്രീധനമെന്ന ദുരാചാരം, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം, ഗാർഹിക പീഢനം ,good touch or bad touch, തൊഴിൽ ചെയ്യാനുള്ള അവകാശം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തൊഴിൽ അവസരങ്ങളിൽ തുല്യത, രക്ഷാദൂത് സ്കീം, പ്രണയപ്പക, മറ്റ് ലിംഗാധിഷ്ഠിതാതിക്രമങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ഓരോ ദിവസവും ഓരോ വിഷയത്തെ സംബന്ധിച്ച് signature Campaign ഉൾപ്പെടെയുള്ള ആക്ടിവിറ്റിസ് ചെയ്യേണ്ടതാണ് . |
| | | • CDPO / Supervisor മാർ സെക്ടർ/പ്രോജക്ട് തലത്തിൽ പരിപാടികൾ നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ് |
| 2 | 26/11/2023<br>Sunday<br>(on line programme) | DHEW ജീവനക്കാർ ഗാർഹിക പീഢന നിരോധനം, Gender sensitization എന്നീ വിഷയങ്ങളെ ആസ്പദമാക്കി Social media വഴി പ്രചരണം നടത്തേണ്ടതാണ് |
| 3 | 27/11/2023<br>Monday | • വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ , SPC മുഖേന DIR file ചെയ്ത കേസുകളിൽ എത്ര pending ഉണ്ട |

| | | |
|---|---|---|
| | WPO | ൊന്നുള്ളതിനുള്ള അദാലത്ത് നടത്തേണ്ടതാണ്. ആയതിലേയ്ക്കായി 3000/- രൂപ WPO യ്ക്ക് അനുവദിക്കുന്നു.<br>• WPO മാർ , Maintenance Order ഉത്തരവായിട്ടുള്ള കേസുകളുടെ follow up study നടത്തി ടി അതിജീവിതർക്ക് maintenance തുക നിലവിൽ ലഭിക്കുന്നുണ്ടോയെന്നുള്ള വിവരശേഖരണം 07/12/2023 നുള്ളിൽ നടത്തേണ്ടതും ടി റിപ്പോർട്ട് നിശ്ചിത പ്രൊഫോർമയിൽ DWCDO ക്ക് നൽകേണ്ടതുമാണ്. ( പ്രൊഫോർമ ഉള്ളടക്കം ചെയ്യുന്നു)<br>• WPO മാർ ഗാർഹിക പീഢനത്തിനെതിരെ 3 സ്ഥലങ്ങളിലായി sessions എടുക്കേണ്ടതും , ജില്ലയിലുള്ള ഓരോ SPC നടത്തുന്ന NGO മാർ 3 sessions awareness ക്ലാസ് സംഘടിപ്പിക്കേണ്ടതും, ആയതിന്റെ റിപ്പോർട്ട് WPO ക്രോഡീകരിച്ച് DWCDO യ്ക്ക് നൽകേണ്ടതുമാണ്. |
| | CDPO, ICDS Supervisor | • CDPO അവരുടെ പ്രോജക്ട് പരിധിയിലുള്ള എല്ലാ സ്കൂളുകളിലും പ്രതിജ്ഞ ചൊല്ലുന്നതിന് സ്കൂൾ അധികൃതർക്ക് കത്ത് നൽകേണ്ടതാണ്.<br>• ടി ദിവസം എല്ലാ സ്കൂളുകളിലും പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ വിദ്യർത്ഥികൾക്ക്സ്ത്രീധനത്തിനെതിരെയുള്ള പ്രതിജ്ഞ ചൊല്ലികൊടുക്കേണ്ടതാണ്. |
| 4. | 28/11/2023<br>Tuesday | Posh Act, Posh Portal, Dowry Portal എന്നിവ സംബന്ധിച്ച് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ നിയോഗിക്കുന്ന( PO/ WPO/DCPO/CDPO) ഓഫീസർ ജില്ലയിൽ ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. ടി പരിപാടിയിൽ വിവിധ വകുപ്പ് ജില്ലാമേധാവികൾ /പ്രതിനിധി , ജന പ്രതിനിധികൾ, വിവിധ സംഘടനയിലെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.<br><br>ലഘു ഭക്ഷണം 100*40 = 4000<br>ബാനർ 1000<br>മറ്റ് ചെലവുകൾ 2000<br>ഹാൾ ചാർജ്ജ് 3000<br>................<br>.....<br>**10000** രൂപ<br>================ |
| 5. | 29.11.2023<br>Wednesday | ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ/വനിത സംരക്ഷണ ഓഫീസർമാർ orange the world campai |

'127304/2023

| | | |
|---|---|---|
| | | gn ന്റെ പ്രാധാന്യത്തെക്കുറിച്ചും സ്ത്രീകളുടെ സുരക്ഷയ്ക്ക് വേണ്ടി നടപ്പിലാക്കുന്ന സേവനത്തെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് Radio/വിവിധ TV ചാനലുകൾ മുഖേന അവതരണം നടത്തേണ്ടതാണ്. |
| 6 | 30.11.2023<br>Thursday | ജില്ലാതലത്തിൽ DHEW ജീവനക്കാരുടെ നേതൃത്വത്തിൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ നടത്തേണ്ടതാണ്. " If I am a girl " ഞാനൊരു പെൺകുട്ടി ആയിരുന്നെങ്കിൽ എന്റെ ജീവിത സങ്കല്പങ്ങൾ എന്തൊക്കെയായിരിക്കും എന്ന ആശയം വരുന്ന സോഷ്യൽ മീഡിയ പോസ്റ്ററുകൾ ആൺകുട്ടികളെകൊണ്ട് തയ്യാറാക്കുകയും പ്രസ്തുത ക്യാമ്പയിൻ *social media വഴി* വ്യാപക പ്രചരണം നൽകേണ്ടതാണ് |
| 7 | 01.12.2023<br>Friday | DWCDO മാർ വനിതകൾക്കെതിരെയുള്ള അക്രമണം തടയുന്നതിന് NCC, NSS കോളേജ് വിദ്യർത്ഥികളെ പങ്കെടുപ്പിച്ച് , പോലീസ് സേനയുടെ Self Defence Team ന്റെ സഹായത്തോടെ പൊതുയിടങ്ങളിൽ mock drill നടത്തേണ്ടതാണ്. തദവസരത്തിൽ സ്ത്രീകൾക്ക് emergency ആയി പോലീസ് സഹായം ആവശ്യമുള്ളപ്പോൾ POL APP ന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്. ഇതിലേയ്ക്കായി 3000/- രൂപ അനുവദിക്കുന്നു. |
| 8. | 02.12.2023<br>Saturday | CBSE/ICSEസ്കൂളുകളിൽ orange the world campaign പരിപാടികൾ സംഘടിപ്പിക്കുന്നതിന് DWCDO മാർ ജില്ലാ കളക്ടറുടെ കത്ത് ലഭ്യമാക്കി സ്കൂൾ അധികൃതർക്ക നൽകേണ്ടതും ടി സ്കൂളുകളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, ഹബ് ജീവനക്കാർ വഴി പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ആയതിന് 7000/- രൂപ അനുവദിക്കുന്നു. |
| 9 | 03.12.2023<br>Sunday | DHEW ജീവനക്കാരുടെ നേതൃത്വത്തിൽ social mediaയിൽ orange the world campaign ന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കേണ്ടതാണ്. |
| 10 | 04.12.2023<br>Monday | കോളേജുകളിൽ DCPO മാരുടെ നേതൃത്വത്തിൽ mime, Flash mob , skit എന്നിവ സംഘടിപ്പിക്കേണ്ടതാണ്. |

| | | |
|---|---|---|
| 11 | 05.12.2023<br>Tuesday | കോളേജുകളിൽ പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ mime, Flash mob , skit എന്നിവ സംഘടിപ്പിക്കേണ്ടതാണ്. |
| 12 | 06.12.2023,<br>07.12.2023<br>Wednesday and<br>Thursday | Plantation Sector, Textile Shop തുടങ്ങിയ തൊഴിലിടങ്ങളിൽ ശിശു വികസന പദ്ധതി ഓഫീസർമാർ മുഖേന അവരുടെ പ്രോജക്ട് പരിധിയിൽ ഉള്ള സംഘടിത, അസംഘടിത മേഖലകളിൽ 2 ദിവസങ്ങളിൽ POSH ACT നെക്കുറിച്ച് ബോധവത്ക്കരണം നടത്തേണ്ടതാണ്. |
| 13. | 08.12.2023<br>Friday<br>ജില്ലാതലത്തില് | • ORANGE THE WORLD CAMPAIGN ന്റെ ഭാഗമായി ജില്ലയിലെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ കുറിച്ചുള്ള സ്ഥിതി വിവരങ്ങൾ ചർച്ച ചെയ്യുകയും gender based violence നെ കുറിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ Action plan തയ്യാറാക്കേണ്ടതും ജില്ലാതലത്തിൽ ക്രോഡീകരിച്ച് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും കൂടാതെ ജില്ലാതലത്തിൽ തയ്യാറാക്കിയ Action plan പ്രാവർത്തികമാക്കുന്നതിനുള്ള നപടി സ്വീകരിക്കേണ്ടതാണ്..<br>• ഈ സമാപന പരിപാടികൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി DWCDO ക്ക് 10,000/- രൂപ അനുവദിക്കുന്നു. |
| | മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമപഞ്ചായത്ത് തലത്തിൽ | • മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമപഞ്ചായത്ത് തല ജാഗ്രത സമിതി കൂടി സ്ത്രീകൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങളെകുറിച്ചും നിലവിലെ സ്ഥിതിയെകുറിച്ചും വിശകലനം ചെയ്ത് അതിക്രമങ്ങൾക്കെതിരെ പ്രതിരോധിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ CDPO/ICDS Supervisor തയ്യാറാക്കേണ്ടതാണ്.. |

'127304/2023

| | | |
|---|---|---|
| | | |
| 14 | 9.12.2023 - 10.12.2023<br>Saturday - Sunday | സോഷ്യല് മീഡിയ ക്യാമ്പയിന് |

ഈ പരിപാടി സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയ്ക്കും 50,000/- രൂപ വീതം അനുവദിക്കുന്നു. ഓരോ പരിപാടിക്കും നിശ്ചയിച്ച് നൽകിയിട്ടുള്ള തുക അവശേഷിക്കുന്ന പക്ഷം മേൽ വിവരിച്ച മറ്റ് പരിപാടികൾക്ക് വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഈ campaign ന്റെ ഭാഗമായി മേല് പരാമർശിക്കാത്ത ഏതെങ്കിലും പരിപാടികൾ D W C D O മാർ ക്ക് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെങ്കില് 50,000/- രൂപയിൽ അധികരിക്കാതെ തുക വിനിയോഗിക്കേണ്ടതാണ്.

ജില്ലാതലത്തില് സംഘടിപ്പിക്കുന്ന പരിപാടികൾക്ക് പത്ര-ദൃശ്യ സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാപക പ്രചരണം നൽകേണ്ടതുമാണ്.

ജില്ലാ തല പരിപാടികള് സംഘടിപ്പിക്കുന്നതിനായി അനുവദിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 50000/- |
| 2 | കൊല്ലം | 50000/- |
| 3 | പത്തനംതിട്ട | 50000/- |
| 4 | ആലപ്പുഴ | 50000/- |
| 5 | കോട്ടയം | 50000/- |
| 6 | ഇടുക്കി | 50000/- |
| 7 | എറണാകുളം | 50000/- |
| 8 | തൃശ്ശൂർ | 50000/- |
| | പാലക്കാട് | 50000/- |

| | | |
|---|---|---|
| 9 | | |
| 10 | മലപ്പുറം | 50000/- |
| 11 | കോഴിക്കോട് | 50000/- |
| 12 | വയനാട് | 50000/- |
| 13 | കണ്ണൂർ | 50000/- |
| 14 | കാസറഗോഡ് | 50000/- |
| | **ആകെ** | **7,00,000** (ഏഴ് ലക്ഷം രൂപ മാത്രം) |

ഇതിലേയ്ക്കാവശ്യമായ തുക 7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. പ്രസ്തുത തുക ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മോന്റായി നൽകേണ്ടതാണ് വിവിധ പരിപാടികൾ സംഘടിപ്പിച്ചതിന് ശേഷം ഡോക്യുമെന്റേഷൻ റിപ്പോർട്ടും ചെലവ് വിവരപട്ടികയും ധന വിനിയോഗ സാക്ഷ്യപത്രവും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ 31.12.2023 നകം ലഭ്യമാക്കേണ്ടതാണ്

**Signed by Afsana Perween Ias**
(ഒപ്പ്)
**Date: 20-11-2023 15:35:54**

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ വനിത സംരക്ഷണ ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
4. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
5. എല്ലാ സൂപ്പർവൈസർമാർക്കും( സിഡിപിഒ മുഖേന)
6. സൂപ്രണ്ട്. അക്കൌണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിലേയ്ക്കായി
7. വെബ് സൈറ്റിൽ
8. സ്റ്റോക്ക് ഫയൽ/സ്പെയർ

/127304/2023

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

അനുബന്ധം

| ജില്ല | ഹർജിക്കാരിയുടെ പേരും മേൽ വിലാസവും | മെയിന്റനൻസ് ഉത്തരവ് തീയതി | മുടക്കം വന്ന തീയതി | മുടക്കം ഗഡുക്കളുടെ എണ്ണം | കിട്ടാനുള്ള ആകെ തുക | തുടർ കോടതി ഉത്തരവ് നേടിയിട്ടുണ്ടോ ഉണ്ടെങ്കി | തുടർ കോടതി ഉത്തരവിലൂടെ അനുവദിക്കപ്പെട്ട തുക | ആയത് ലഭിക്കുന്നുണ്ടോ | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

# മെയിന്റനൻസ് ഉത്തരവുമായി ബന്ധപ്പെട്ട വിവരശേഖരണം

പരിപാലന ഉത്തരവ് (Maintanence Order)

| ക്രമ നം. | ജില്ല | ഉത്തരവ് ലഭിച്ച തീയതി | ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തുക ലഭിക്കുന്നുണ്ടോ | | ഇല്ല എങ്കിൽഎന്നു മുതലാണ് തുക ലഭിക്കാത്തത് | എത്ര ഗഡുക്കൾ ലഭിക്കുന്നുണ്ട് | ആകെ കിട്ടാനുള്ള തുക | തുക കിട്ടനുള്ളവരുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ടോ | | തുക കിട്ടനുള്ളവരുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടില്ലെങ്കിൽ കാരണം | ഇത്തരത്തിൽ ആകെ എത്ര തുക എതിർകക്ഷി പരാതിക്കാരിക്ക് നൽകുവാനുണ്ട് | മുടങ്ങിയ ഗഡു ലഭിക്കുന്നതിനായി പരാതിക്കാരി കോടതിയെ സമീപിച്ചിട്ടുണ്ടോ | | ഉണ്ട് എങ്കിൽ കോടതിയിൽ നിന്നും തുടർ ഉത്തരവ് ലഭിച്ചിട്ടുണ്ടോ | | ഉണ്ട് എങ്കിൽ ലഭിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ | തുടർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക ലഭിച്ചു തുടങ്ങിയിട്ടുണ്ടോ | | തുടർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര തുക ലഭിക്കുന്നുണ്ടോ | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉണ്ട് | ഇല്ല | | | | ഉണ്ട് | ഇല്ല | | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |

## സ്ത്രീധന നിരോധന ദിനം നവംബർ 26

### പ്രതിജ്ഞ

"സ്വാതന്ത്ര്യവും അവകാശവും കടമയും സ്ത്രീയ്ക്കും പുരുഷനും ഒരുപോലെയാണ്. സ്ത്രീധനം ആ സമത്വത്തെ തകർക്കുന്നു എന്നെനിയ്ക്ക് പൂർണ്ണ ബോദ്ധ്യമുണ്ട്. ഞാൻ സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ല. എന്റെ ബന്ധുക്കളെയും കൂട്ടുകാരെയും നാട്ടുകാരെയും ഞാൻ സ്ത്രീധനം വാങ്ങുകയോ കൊടുക്കകയോ ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും . സ്ത്രീധനം കേരളത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിന് സമൂഹത്തോടൊപ്പം നിൽക്കുമെന്ന് ദൃഢപ്രതിജ്ഞ ചെയ്യുന്നു."